"ഭരണ ഭാഷ മാതൃഭാഷ"

നം.എൻ.ഇ.പി.(3)/280140/21/ഡി.ജി.ഇ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 18/07/2022

# സർക്കുലർ

വിഷയം :- പൊതുവിദ്യാഭ്യാസം - ബഹു. മുഖ്യമന്ത്രിയുടെ പത്തിന പരിപാടി - ഡിജിറ്റൽ മീഡിയ ആന്റ് ഇൻഫർമേഷൻ ലിറ്ററസി ക്യാമ്പയിൻ - സ്കൂൾ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കുമുള്ള പരിശീലനം നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. സ.ഉ.(സാധാ) നമ്പർ 4963/2021/പൊ.വി.വ. തീയതി 03/11/2021.
2. സ.ഉ.(സാധാ) നമ്പർ 2421/2022/ജി.ഇ.ഡി.എൻ. തീയതി 13/04/2022.
3. പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 06/06/2022 ന് ചേർന്ന യോഗത്തിന്റെ നടപടി കുറിപ്പ്.
4. ഈ ഓഫീസിൽ നിന്നുമുള്ള 02/07/2022 ലെ ഇതേ നമ്പർ കത്ത്.
5. കൈറ്റ് സി.ഇ.ഒ. യുടെ 07/07/2022 ലെ കൈറ്റ്/2022/1694 (6) നമ്പർ കത്ത്.

********

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പത്തിന പരിപാടിയുടെ ഭാഗമായി സ്കൂൾ കുട്ടികൾക്ക് 'സത്യമേവ ജയതേ' എന്ന പേരിൽ ഡിജിറ്റൽ മീഡിയയിലും ഇൻഫർമേഷൻ ടെക്നോളജിയിലും അവബോധവും പരിശീലനവും നൽകുന്നതിന് പരാമർശം (1) പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. 'സത്യമേവ ജയതേ' പരിപാടി 2022 ജൂൺ 1 നും ആഗസ്റ്റ് 30 നും ഇടയിൽ എല്ലാ കുട്ടികൾക്കും ഒരിക്കൽകൂടി നൽകുന്നതിന് പരാമർശം (2) പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ഹൈസ്കൂൾ ക്ലാസുകളിൽ 2022-23 അധ്യയനവർഷം പരിശീലനം തുടരുന്നതിനും അപ്പർ പ്രൈമറി വിദ്യാർത്ഥികൾക്കായി പ്രത്യേക മൊഡ്യൂൾ തയ്യാറാക്കി പരിശീലനം നൽകുന്നതിനും പരാമർശം (3) പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ടി വിവരം പരാമർശം (4) പ്രകാരം വിദ്യാഭ്യാസ ഉപഡയറക്ടർമാരെ അറിയിച്ചിരുന്നു. 2022 ആഗസ്റ്റ് 30 നകം സംസ്ഥാനത്തെ അപ്പർ പ്രൈമറി ഹൈസ്കൂൾ വിഭാഗങ്ങളിലെ കുട്ടികൾക്ക് നിർദ്ദിഷ്ട മൊഡ്യൂൾ അടിസ്ഥാനമാക്കി കൈറ്റിന്റെ നേതൃത്വത്തിൽ പരിശീലനം പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

**ഹൈസ്കൂൾ വിഭാഗം**

1. ഓരോ ഹൈസ്കൂളിൽ നിന്നും മുമ്പ് പരിശീലനം ലഭിച്ച ഒരു അദ്ധ്യാപകന് വീതം മൊഡ്യൂൾ അടിസ്ഥാനമാക്കിയുള്ള റിഫ്രഷർ പരിശീലനം ഓൺലൈനായി കൈറ്റ് മാസ്റ്റർ ട്രെയിനർമാർ നൽകുന്നതാണ്.
2. പരിശീലനം ലഭിച്ച അദ്ധ്യാപകർ അവരുടെ വിദ്യാലയത്തിലെ മറ്റ് എല്ലാ അദ്ധ്യാപകർക്കും 25/07/2022 നകം പരിശീലനം നൽകേണ്ടതും അതത് സ്കൂൾ പ്രഥമാധ്യാപകർ അത് ഉറപ്പു വരുത്തേണ്ടതുമാണ്.

3. സ്കൂളുകളെ കൈറ്റ് അറിയിക്കുന്നതനുസരിച്ച് അദ്ധ്യാപക പരിശീലനത്തിനുള്ള ക്രമീകരണങ്ങൾ അതത് സ്കൂൾ പ്രഥമാദ്ധ്യാപകർ ഒരുക്കേണ്ടതാണ്.
4. ഓരോ സ്കൂളിലേയും പരിശീലനം നേടിയ അദ്ധ്യാപകർ 2022 ആഗസ്റ്റ് 30 നകം ഹൈസ്കൂൾ ക്ലാസുകളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും പരിശീലനം നൽകേണ്ടതും ഇത് സംബന്ധിച്ച വിവരം സമ്പൂർണ പോർട്ടലിൽ രേഖപ്പെടുത്തേണ്ടതുമാണ്.

**അപ്പർ പ്രൈമറി സ്കൂൾ വിഭാഗം**

1. ഒരു അപ്പർ പ്രൈമറി വിദ്യാലയത്തിൽ നിന്നും രണ്ട് അദ്ധ്യാപകർക്ക് വീതം 2022 ജൂലൈ 30 നകം കൈറ്റ് മാസ്റ്റർ ട്രെയിനർമാരുടെ നേതൃത്വത്തിൽ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയ മൊഡ്യൂൾ അടിസ്ഥാനമാക്കി പരിശീലനം ക്രമീകരിക്കേണ്ടതാണ്.
2. സ്കൂളുകളെ കൈറ്റ് അറിയിക്കുന്നതനുസരിച്ച് അദ്ധ്യാപക പരിശീലനത്തിനുള്ള ക്രമീകരണങ്ങൾ അതത് സ്കൂൾ പ്രഥമാദ്ധ്യാപകർ ഒരുക്കേണ്ടതാണ്.
3. ഓരോ അപ്പർ പ്രൈമറി വിദ്യാലയത്തിലും രണ്ട് അദ്ധ്യാപകർക്ക് വീതം പരിശീലനം ലഭിച്ചു എന്ന് അതത് സ്കൂൾ പ്രഥമാദ്ധ്യാപകർ ഉറപ്പുവരുത്തേണ്ടതാണ്.
4. പരിശീലനം നേടിയ അധ്യാപകരുടെ നേതൃത്വത്തിൽ 2022 ആഗസ്റ്റ് 30 നകം 5, 6, 7 ക്ലാസുകളിലെ മുഴവൻ വിദ്യാർത്ഥികൾക്കും പരിശീലനം നൽകേണ്ടതും ഇത് സംബന്ധിച്ച വിവരം സമ്പൂർണ പോർട്ടലിൽ രേഖപ്പെടുത്തേണ്ടതുമാണ്.
5. വിദ്യാഭ്യാസ ഓഫീസർമാർ അവരവരുടെ അധികാര പരിധിയിലുള്ള എല്ലാ ഹൈസ്കൂൾ അപ്പർ പ്രൈമറി വിഭാഗം സ്കൂളുകളിലും അദ്ധ്യാപക പരിശീലനവും വിദ്യാർത്ഥികൾക്കുള്ള ക്ലാസും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഒരുക്കേണ്ടതും ആയത് മേൽനോട്ടം വഹിക്കേണ്ടതുമാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

എല്ലാ സ്കൂൾ പ്രഥമാദ്ധ്യാപകർക്കും (അതത് വിദ്യാഭ്യാസ ഓഫീസർ മുഖേന)

പകർപ്പ്:
സി.ഇ.ഒ., കൈറ്റ്
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.
എല്ലാ ഡിഡിഇ/ഡി.ഇ.ഒ./എ.ഇ.ഒ. മാർക്കും

ബി.ജെ